**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2702** | **14-09-2023 - ൽ മറുപടിയ്ക്ക്**

**ഐ.ജി.എസ്.ടി. വരുമാനത്തിലെ കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി ഉമ തോമസ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ തലത്തിലും മറ്റ് ഉപഭോക്തൃ സംസ്ഥാനങ്ങളിലും ജി.എസ്.ടി. വരുമാനം വർദ്ധിക്കുമ്പോൾ സംസ്ഥാനത്തെ ജി.എസ്.ടി. വരുമാനം പ്രതീക്ഷിച്ച രീതിയിൽ വളർച്ച കൈവരിക്കാൻ സാധിക്കാത്തതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ചരക്കുകളും സേവനങ്ങളും ഉപഭോഗം ചെയ്യപ്പെടുന്ന സ്ഥലത്തെ അടിസ്ഥാനമാക്കിയുള്ള ജി.എസ്.ടി. സമ്പ്രദായം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് വലിയ നേട്ടമായിരിക്കും എന്നാണ് പ്രതീക്ഷിച്ചതെങ്കിലും, നികുതി പിരിവിൽ പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായില്ല. ജി.എസ്.ടി. വന്നതോട് കൂടി സംസ്ഥാനങ്ങൾക്ക് നികുതി നിയമത്തിന്മേൽ ഒറ്റയ്ക്ക് തീരുമാനം എടുക്കാൻ കഴിയാതായി. ജി.എസ്.ടി. അതിന്റെ പ്രാരംഭഘട്ടത്തിൽ വിഭാവനം ചെയ്തിരുന്ന ഓൺലൈൻ റിട്ടേൺ സംവിധാനം പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാതെ വന്നതും, കോവിഡും പ്രകൃതി ദുരന്തങ്ങളും ഏല്പിച്ച ആഘാതങ്ങളും ജി.എസ്.ടി. വരുമാനം പ്രതീക്ഷിച്ച തോതിൽ വർദ്ധിക്കാത്തതിന് കാരണമായി.<br><br>ജി.എസ്.ടി. യുടെ തുടക്കത്തിൽ നിശ്ചയിച്ച നിരക്കുകളിൽ പിന്നീട് പല ജി.എസ്.ടി. കൗൺസിലുകളിൽ തീരുമാനിച്ച പ്രകാരം തുടർച്ചയായി കുറവുകൾ വരുത്തിയതിനെ തുടർന്ന് നിരക്കുകൾ റവന്യൂ ന്യൂട്രൽ അല്ലാതെയായി മാറി. ഇത് സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുകയും ജി.എസ്.ടി. വരുമാനം കുറയുന്നതിന് കാരണമാവുകയും ചെയ്തിട്ടുണ്ട്. ജി.എസ്.ടി. നിയമം നടപ്പിൽ വരുത്തിയപ്പോൾ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് നൽകിക്കൊണ്ടിരുന്ന കോമ്പൻസേഷന്റെ കാലാവധി 2022 ജൂണിൽ അവസാനിച്ചു.<br><br>രാജ്യമൊട്ടാകെ ജി.എസ്.ടി. വരുമാനത്തിലുണ്ടായ വളർച്ചയ്ക്ക് ആനുപാതികമായ വളർച്ച ജി.എസ്.ടി. |

| | | | |
|---|---|---|---|
| | | | വരുമാനത്തിൽ കേരളത്തിലും ഉണ്ടാകുന്നുണ്ട്. എന്നാൽ ജി.എസ്.ടി. നഷ്ടപരിഹാര നിയമത്തിൽ പറഞ്ഞിരിക്കുന്നതു പ്രകാരമുള്ള 14% വാർഷിക വർദ്ധനവ് അടിസ്ഥാനമാക്കിയുള്ള നികുതി വർദ്ധനവ് ഇതുവരെ പ്രാപ്യമായിട്ടില്ല. |
| (ബി) | ഐ.ജി.എസ്.ടി. കാര്യക്ഷമമായി പിരിക്കാത്തതുമൂലം സംസ്ഥാനത്തിന് കഴിഞ്ഞ ആറു വർഷങ്ങളിലായി ഭീമമായ നഷ്ടം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഐ.ജി.എസ്.ടി നികുതി ഒരു സംസ്ഥാനത്തു നിന്നും മറ്റൊരു സംസ്ഥാനത്തേക്ക് നൽകുന്ന സപ്ലൈയുടെ മേലുള്ള നികുതിയാണ്. കേരളത്തിന് ഐ.ജി.എസ്.ടി ലഭിക്കുന്നത് മറ്റൊരു സംസ്ഥാനത്തു നിന്നും കേരളത്തിലേക്ക് സപ്ലൈ നടക്കുമ്പോഴാണ്. പ്രസ്തുത സപ്ലൈയുടെ മേലുള്ള നികുതി അതത് സംസ്ഥാനത്തു നിന്നുതന്നെ സപ്ലൈ നടത്തിയ നികുതിദായകർ ഒടുക്കുകയും അത് 'സെറ്റിൽമെന്റ്' വഴി കേരളത്തിന്റെ ഖജനാവിലേക്ക് എത്തുകയും ചെയ്യുന്നു. പ്രസ്തുത സപ്ലൈയർ കേരളത്തിൽ അല്ല മറിച്ച് മറ്റൊരു സംസ്ഥാനത്താണ് നികുതി ഒടുക്കുന്നത്. ഓരോ സംസ്ഥാനത്തിനും തങ്ങളുടെ അധികാര പരിധിയിലുള്ള നികുതിദായകരെ പരിശോധിക്കാൻ മാത്രമേ ജി.എസ്.ടി. നിയമം അധികാരം നൽകുന്നുള്ളൂ.<br><br>ജി.എസ്.ടി. റിട്ടേൺ സംവിധാനത്തിലെ അപര്യാപ്തത ജി.എസ്.ടി. യുടെ തുടക്കം മുതൽ തന്നെ പല പ്രശ്നങ്ങളും സൃഷ്ടിക്കുകയും പ്രതീക്ഷിച്ച തരത്തിലുള്ള ഐ.ജി.എസ്.ടി വരുമാനം സംസ്ഥാനത്തിന് ലഭിക്കാത്ത സാഹചര്യം ഉണ്ടാക്കുകയും ചെയ്തു. ജി.എസ്.ടി. യുടെ തുടക്കത്തിൽ വിഭാവനം ചെയ്തിരുന്ന റിട്ടേൺ സംവിധാനം പൂർണ്ണമായും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഐ.ജി.എസ്.ടി. സെറ്റിൽമെന്റുമായി ബന്ധപ്പെട്ട് കൃത്യത ഉറപ്പാക്കണമെന്ന് സംസ്ഥാനം പലതവണ ജി.എസ്.ടി. കൗൺസിലിലും കേന്ദ്ര സർക്കാരിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ആവശ്യങ്ങളെ തുടർന്ന് ജി.എസ്.ടി. റിട്ടേൺ ഫോമിൽ വേണ്ട മാറ്റങ്ങൾ വരുത്തുകയും, റിട്ടേണിലേക്കുള്ള വിവരങ്ങൾ ഓട്ടോമേറ്റഡ് ആക്കുകയും ചെയ്യുകയുണ്ടായി. റിട്ടേൺ കൃത്യമായി എങ്ങനെ ഫയൽ ചെയ്യണം എന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ട്രേഡ് സർക്കുലറുകളിലൂടെ നേരത്തെ തന്നെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് വ്യാപാരികളെ അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കേന്ദ്ര റവന്യൂ വകുപ്പും നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ഐ.ജി.എസ്.ടി. പിരിവ് സംവിധാനത്തിന്റെ പോരായ്മകൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; | (സി) | സംസ്ഥാനത്തിന്റെ ഐ.ജി.എസ്.ടി. വരുമാനവുമായി ബന്ധപ്പെട്ട് സംസ്ഥാന ചരക്ക് സേവന നികുതി |

| | |
| --- | --- |
| ഉണ്ടെങ്കിൽ ഈ പഠനത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | വകുപ്പ് വിശകലനം നടത്തിയിട്ടുണ്ട്.<br><br>സംയോജിത ചരക്കു സേവന നികുതി നിയമം 2017 പ്രകാരം, ചരക്കുകളുടെയോ സേവനങ്ങളുടെയോ അന്തർ സംസ്ഥാന വിതരണത്തിന്മേൽ ചുമത്തുന്ന നികുതിയാണ് ഐ.ജി.എസ്.ടി.. നികുതി ദായകൻ ഫയൽ ചെയ്യുന്ന ജി.എസ്.ടി. റിട്ടേണിൽ സംസ്ഥാന നികുതി (എസ്.ജി.എസ്.ടി.) അടയ്ക്കുന്നതിനായി ഐ.ജി.എസ്.ടി. ക്രെഡിറ്റ് എത്ര ഉപയോഗിക്കുന്നുവോ, ആയതിനു തുല്യമായ തുക കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന്റെ അക്കൗണ്ടിലേക്ക് കൈമാറുന്നു. Goods and Services Tax Settlement of Fund Rules, 2017 എന്ന ചട്ട പ്രകാരം ഇത് നടക്കുന്നു. സപ്ലൈ നൽകുന്ന വ്യക്തി സ്വന്തം സംസ്ഥാനത്ത് റിട്ടേൺ ഫയൽ ചെയ്ത് നികുതി അടയ്ക്കുകയും, പ്രസ്തുത സപ്ലൈ ലഭിക്കുന്ന സംസ്ഥാനത്തെ രജിസ്റ്റേർഡ് വ്യക്തി റിട്ടേൺ ഫയലിംഗ് സമയത്ത് ഇൻവോയ്സിന് അനുസൃതമായി നൽകിയ ഐ.ജി.എസ്.ടി. തുക ഇൻപുട്ട് ടാക്സ് ക്രെഡിറ്റായി എടുത്ത് എസ്.ജി.എസ്.ടി. ഒടുക്കുകയും ചെയ്യുമ്പോൾ, സപ്ലൈയറുടെ സംസ്ഥാനത്ത് നിന്നും ഐ. ജി.എസ്.ടി. അടച്ച തുക ഉപഭോക്തൃ സംസ്ഥാനത്തേക്ക് സെറ്റിൽ ചെയ്യപ്പെടുന്നു. ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് എന്നത് നികുതിദായകർ റിട്ടേൺ ഫയൽ ചെയ്യുന്നതിന് അനുസൃതമായി ഓട്ടോമാറ്റിക്കായി സംഭവിക്കുന്നതാണ്.<br><br>ഇത് കൂടാതെ ഐ.ജി.എസ്.ടി. സംവിധാനത്തിൽ പ്ലേസ് ഓഫ് സപ്ലൈ, സെറ്റിൽമെന്റ് എന്നിവയിൽ എന്തെങ്കിലും അപാകത ഉണ്ടാവുന്നുണ്ടോ എന്നത് നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്.<br><br>സംസ്ഥാനങ്ങളുടെ ആവശ്യങ്ങളെ തുടർന്ന് ജി.എസ്.ടി. റിട്ടേൺ ഫോമിൽ വേണ്ട മാറ്റങ്ങൾ വരുത്തുകയും, റിട്ടേണിലേക്കുള്ള വിവരങ്ങൾ ഓട്ടോമേറ്റഡ് ആക്കുകയും ചെയ്യുകയുണ്ടായി. റിട്ടേൺ കൃത്യമായി എങ്ങനെ ഫയൽ ചെയ്യണം എന്നത് സംബന്ധിച്ച വിശദമായ മാർഗ നിർദ്ദേശങ്ങൾ ട്രേഡ് സർക്കുലറുകളിലൂടെ നേരത്തെ തന്നെ സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് വ്യാപാരികളെ അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കേന്ദ്ര റവന്യൂ വകുപ്പും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെയെല്ലാം ഫലമായി സംസ്ഥാനത്തിന് മുൻകാലത്തെ അപേക്ഷിച്ച് ഐ.ജി.എസ്.ടി. |

| | | | |
|---|---|---|---|
| | | | ഇനത്തിൽ നിന്ന് കൂടുതൽ നേട്ടമുണ്ടാകും എന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ഡി) | വ്യാപാരി വ്യവസായികളുടെ യഥാർത്ഥ ജി.എസ്.ടി. കണക്കുകൾ പരിശോധിക്കാൻ ഓഡിറ്റ് ഫീൽഡ് ഓഫീസുകൾ രൂപീകരിക്കണമെന്ന നിർദേശം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | 02-08-2022ലെ ജി.ഒ. (എം.എസ്) നം.55/2022/ ടാക്സസ് സർക്കാർ ഉത്തരവ് പ്രകാരം ജി.എസ്.ടി. നിയമത്തിനനുസൃതമായുള്ള സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിന്റെ സമഗ്രവും ശാസ്ത്രീയവുമായ പുനഃസംഘടന ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്. വകുപ്പ് പുനഃസംഘടനയുടെ ഭാഗമായി ഓഡിറ്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിലേക്കായി സംസ്ഥാനത്തൊട്ടാകെ 140 ഓഡിറ്റ് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ